"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.kerla.gov.in

**DB-5/7507/11/CE/LSGD**

**Dated. 25.01.2020**

# സർക്കുലർ

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ -ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കലും പ്രവർത്തി പരിപാലനവും നടത്തുന്നതിലേക്ക് സേവന ദാതാക്കളെ അംഗീകരിച്ചത് - സംബന്ധിച്ച്.

സൂചന:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/12/2019 തീയതിലെ ഉത്തരവ് നം.2241/സി1/2019/എസ്.എം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ പ്രവർത്തി പരിപാലനം നടത്തുന്നതിന് സേവനദാതാകളായി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി രൂപീകരിച്ച സാങ്കേതിക സമിതിയുടെ യോഗം ശുചിത്വമിഷന്റെ കാര്യലയത്തിൽ ചേരുകയും ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ഏജൻസികളുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി.

സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വമിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതകശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ പ്രവർത്തി പരിപാലനം നടത്തുന്നതിന് ശുചിത്വമിഷന്റെ അംഗികൃത സേവനദാതാക്കളായി മേൽ സൂചന ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അംഗികരിച്ചിട്ടുള്ളതാണ്. ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടത്തുന്ന ഇത്തരം പ്രവൃത്തികൾക്ക് ഉത്തരവിൽ പരാമർശിക്കുന്ന ഏജൻസികളെ സേവനദാതാക്കളായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഉള്ളടക്കം:- സൂചന (1) ഉത്തരവ്

ചീഫ് എൻജിനീയർ

sv

# ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ :മിർ മൊഹമ്മദ് അലി ഐ.എ.എസ്)

വിഷയം:- തസ്വഭവ - ശുചിത്വ മിഷൻ - ആധുനിക വാതക ശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കലും പ്രവർത്തി പരിപാലനവും നടത്തുന്നതിലേയ്ക്ക് സേവനദാതാക്കൾക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:-
1. 05.07.2019-ൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചേമ്പറിൽ ചേർന്ന അവലോകന യോഗത്തിലെ തീരുമാനം നം-11
2. 17.07.2019-ലെ നോട്ടിഫിക്കേഷൻ നം. 2241/സി1/2019/എസ്.എം.
3. 22.11.2019-ലെ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2241/സി1/2019/എസ്.എം നമ്പർ നടപടിക്രമം
4. 13.12.2019-ൽ ശുചിത്വ മിഷനിൽ വച്ച് കൂടിയ സാങ്കേതിക സമിതിയുടെ തീരുമാനം.
5. 13.08.2018-ൽ കൂടിയ 29-ാമത് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ 3.6 നമ്പർ തീരുമാനം.

**ഉത്തരവ് നം. 2241/സി1/2019/എസ്.എം.** **തീയതി: 23 /12/2019**

തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതകശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ, പ്രവർത്തി പരിപാലനം നടത്തുന്നതിന് സേവനദാതാക്കളെ എംപാനൽ ചെയ്യുന്നതിലേക്ക് താത്പര്യപത്രം ക്ഷണിക്കുന്നതിന് സൂചന (1) പ്രകാരം തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ സൂചന (2) പ്രകാരം താൽപര്യപത്രം ക്ഷണിക്കുകയുണ്ടായി. ആയത് പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വിലയിരുത്തി അനുയോജ്യരായ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനായി സൂചന (3) പ്രകാരം രൂപീകരിച്ച സാങ്കേതിക സമിതിയുടെ യോഗം സൂചന (4) പ്രകാരം ശുചിത്വ മിഷൻ ഓഫീസിൽ ചേരുകയും, താൽപര്യപത്രം പ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ടി ഏജൻസികളുടെ ടെക്നിക്കൽ പ്രസന്റേഷൻ വിലയിരുത്തുകയും നേരിൽ വിശദാംശങ്ങൾ ആരായുകയുമുണ്ടായി.

സൂചന (5) തീരുമാന പ്രകാരം ഇക്കാര്യത്തിലേയ്ക്ക് രൂപീകരിക്കപ്പെടുന്ന സാങ്കേതിക സമിതിയുടെ ശുപാർശയിന്മേൽ സേവന ദാതാക്കളെ എംപാനൽ ചെയ്യുന്നതിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശുചിത്വ മിഷൻ സാങ്കേതിക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സൂചന (5) തീരുമാനത്തിന് വിധേയമായി ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള **3** ഏജൻസികളെ തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കപ്പെടുന്ന ആധുനിക വാതകശ്മശാനം (ഫർണസ്, ചിമ്മിനി) സ്ഥാപിക്കൽ, പ്രവർത്തി പരിപാലനം നടത്തുന്നതിന് ശുചിത്വ മിഷന്റെ അംഗീകൃത സേവനദാതാക്കളായി ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു. ടി ഏജൻസികളുടെ സേവന കാലാവധി ഈ ഉത്തരവ് തീയതി മുതൽ **31-03-2022** വരെ ആയിരിക്കും.

| SL. No. | Agencies |
|---|---|
| 1. | **RAIDCO KERALA LIMITED,**<br>Raidco Tower,<br>SPCA Road Kannur - 670 002.<br>Ph: 0497 2700875,<br>9446005920, 9446005845<br>E-mail: info @raidco.in |
| 2. | **HI-TECK CREMATORIUM PVT. LTD.,**<br>Building No. XII, Chirayam,<br>Panayikkulam P.O.,<br>Aluva, Ernakulam - 683 511.<br>Ph: 0484-2515166, 9447059573<br>Email: hiteckcrematorium@gmail.com |
| 3. | **JWALAA EQUIPMENTS AND CONSULTANTS**<br>Kripa Building Complex,<br>Near Railway Gate East nada,<br>Guruvayur, Pin - 680 101<br>Ph: 0487-2550690,9447301242<br>0452-2538285, 09443038185<br>9349826853 E-mail ID: jwalaaequip@gmai!.com<br>Buildarcsengineer. |

*നിബന്ധനകൾ*

1. സേവനദാതാക്കളുടെ കാലാവധി **ഈ ഉത്തരവ് തീയതി മുതൽ 31-03-2022 വരെ ആയിരിക്കും.** ആയതിന് ശേഷം യോഗ്യതാ നിർണയം നടത്തി അംഗീകാരം പുതുക്കി നൽകുന്നതാണ്.
2. **സേവനദാതാക്കൾ എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി തങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓഡർ), വാർഷിക ഓഡിറ്റ് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് എന്നിവ ശുചിത്വ മിഷനിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി ഏജൻസികളുടെ സേവന കാലാവധി തുടർ വർഷങ്ങളിൽ പുതുക്കി നൽകുന്നതായിരിക്കില്ല.**
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ എല്ലാ സേവനദാതാക്കൾക്കും തങ്ങളുടെ ഓഫർ നൽകുവാൻ അവസരം നൽകുന്ന രീതിയിൽ രേഖാമൂലമുള്ള അറിയിപ്പുകൾ നൽകേണ്ടതും, പ്രൊക്യൂർമെന്റ് റൂൾസിലെ എല്ലാ നടപടിക്രമങ്ങളും പാലിച്ച്കൊണ്ടു മാത്രമേ ഏജൻസിയെ തെരഞ്ഞെടുക്കുകയും പ്രവൃത്തി നിർവ്വഹണം പൂർത്തിയാക്കുവാനും പാടുള്ളൂ.
4. സേവനദാതാക്കൾ ടെൻഡർ നടപടിക്രമങ്ങളിൽ പങ്കെടുത്തുകൊണ്ട് മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തി ഏറ്റെടുക്കാൻ പാടുള്ളൂ.

5. ക്രിമറ്റോറിയം ഫർണസ്, ചിമ്മിനി, അനുബന്ധഘടകങ്ങൾ എന്നിവ സ്ഥാപിക്കുമ്പോൾ ആയതുമായി ബന്ധപ്പെട്ട സിവിൽ പ്രവർത്തികൾ (ഉദാ: ക്രിമേറ്റർ ഫർണസ് ഫൗണ്ടേഷൻ, ചിമ്മിനി ഫൗണ്ടേഷൻ, വായുശുദ്ധീകരണ ടാങ്കുകൾ മുതലായവ) ടി ഏജൻസികൾ തന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

6. എല്ലാ സേവനദാതാക്കളും ഓരോ സാമ്പത്തിക വർഷവും കുറഞ്ഞത് 2 ടെണ്ടറുകളിലെങ്കിലും പങ്കെടുക്കേണ്ടതും, ടി രേഖകൾ **എല്ലാ വർഷവും ഏപ്രിൽ 30-ന് മുമ്പായി** ശുചിത്വ മിഷനിൽ സമർപ്പിക്കേണ്ടതുമാണ്.

7. സേവനദാതാക്കൾ പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പായി ടി പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

8. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുവേണം സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സേവനം നൽകേണ്ടത്.

9. കാലാകാലങ്ങളിൽ സർക്കാർ/ശുചിത്വ മിഷൻ നിശ്ചയിക്കുന്ന സ്റ്റാൻഡേർഡ്സ് & സ്പെസിഫിക്കേഷൻ, പ്രവൃത്തി പരിപാലന പ്രോട്ടോകോൾ, വാറന്റി നിബന്ധനകൾ എന്നിവ നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്.

10. സേവനദാതാക്കളെക്കുറിച്ച് ഏന്തെങ്കിലും പരാതികൾ പൊതുജനങ്ങളിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ഉണ്ടാകുന്ന പക്ഷം ശുചിത്വ മിഷൻ അത് ഗൗരവമായി കണ്ട് മേൽ നടപടി കൈക്കൊള്ളുന്നതാണ്.

11. സേവനദാതാക്കൾ വാറണ്ടി (കുറഞ്ഞത് 5 വർഷം) കാലയളവിനുള്ളിൽ, മൂന്നു മാസത്തിൽ ഒരിക്കലും, ആയതിന് ശേഷം വർഷത്തിൽ ഒരിക്കലും നിർബന്ധമായും അവർ സ്ഥാപിക്കുന്ന സംവിധാനങ്ങൾ പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും, ആവശ്യമെങ്കിൽ അറ്റകുറ്റപ്പണി ചെയ്ത് നവീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്.

12. സേവനദാതാക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം പ്രവൃത്തി നിർവ്വഹണം നടത്തുമ്പോൾ പ്രസ്തുത സ്ഥാപനം ആവശ്യപ്പെടുന്നപക്ഷം സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച് നിർബന്ധമായും ടി പ്ലാന്റിന്റെ തുടർ പ്രവൃത്തി പരിപാലനം കുറഞ്ഞത് 10 വർഷമെങ്കിലും ഏറ്റെടുത്ത് (നിരക്ക് സംബന്ധിച്ച് കരാറിലേർപ്പെട്ട്) നടത്തേണ്ടതാണ്.

13. 10 വർഷം O&M ഏറ്റെടുത്ത് നടപ്പാക്കിയതിനു ശേഷം വീണ്ടും തുടർന്നുള്ള വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ / ബന്ധപ്പെട്ട സ്ഥാപനം ആവശ്യപ്പെടുന്നുണ്ടെങ്കിൽ തുടർന്നും സേവനദാതാക്കൾ നേരിട്ട് O&M നടപ്പാക്കേണ്ടതാണ്.

14. സേവനദാതാക്കൾ അവർ ഏറ്റെടുക്കുന്ന (സ്ഥാപിക്കുന്ന) പ്രവൃത്തി സംബന്ധിച്ച വിശദവിവരങ്ങൾ (പ്രോജക്ടിന്റെ വിവരങ്ങൾ, പ്രവൃത്തി നിർവ്വഹണ ഉത്തരവിന്റെ പകർപ്പ് (വർക്ക് ഓർഡർ), പ്രോജക്ട് ലൊക്കേഷൻ, വാറണ്ടി പിരീയഡ്, പീരിയോ

ഡിക് ഇൻസ്പെക്ഷൻ ഡീറ്റെയിൽസ്, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ) നിർബന്ധമായും രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതും, ആവശ്യപ്പെടുന്ന പക്ഷം ശുചിത്വ മിഷനിൽ ഹാജരാക്കേണ്ടതുമാണ്.

15. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ് ആന്റ് സ്പെസിഫിക്കേഷൻസ് നിർബന്ധമായും എല്ലാ സേവനദാതാക്കളും പാലിക്കേണ്ടതാണ്. അതോടൊപ്പം നിയമപരമായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പദ്ധതിക്ക് ലഭ്യമാക്കേണ്ട അനുമതി ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം പ്രവർത്തി ഏറ്റെടുക്കാവുന്നതാണ്. ഇതു കൂടാതെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, കേരള പഞ്ചായത്ത് രാജ് (ബറിയൽ & ബർണിങ്ങ് ഗ്രൗണ്ട്സ്) റൂൾസ് 1998 -ൽ അനുശാസിക്കുന്ന നിബന്ധനകളും പാലിച്ചിരിക്കണം.

16. സേവനദാതാക്കൾ മേൽ പറഞ്ഞവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം യാതൊരു അറിയിപ്പും കൂടാതെ ഏതു സമയത്തും ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് ശുചിത്വ മിഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

17. സർക്കാർ/ശുചിത്വ മിഷൻ നടത്തുന്ന ശുചിത്വ-മാലിന്യ സംസ്കരണ പരിപാടികളിൽ എല്ലാ സേവനദാതാക്കളും പങ്കെടുത്ത് വിജയിപ്പിക്കേണ്ടതാണ്

എക്സിക്യൂട്ടീവ് ഡയറക്ടർ

പകർപ്പ്:-
1. പഞ്ചായത്ത് ഡയറക്ടർ (അറിവിലേയ്ക്ക്)
2. നഗരകാര്യ ഡയറക്ടർ (അറിവിലേയ്ക്ക്)
3. ഗ്രാമവികസന കമ്മീഷണർ (അറിവിലേയ്ക്ക്)
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
6. എല്ലാ തദ്ദേശ സ്വയം ഭരണസ്ഥാപന സെക്രട്ടറിമാർക്കും (ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
7. ബന്ധപ്പെട്ട എല്ലാ സേവനദാതാകൾക്കും
8. കില, മുളങ്കുന്നത്തുക്കാവ്, തൃശൂർ
9. എസ്.ഐ.ആർ.ഡി, കൊട്ടാരക്കര
10. വെബ്സൈറ്റ്. ഓഫീസ് കോപ്പി/കരുതൽ ഫയൽ